## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 917** **26-07-2021 - ൽ മറുപടിയ്ക്ക്**

## വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികളായ പേട്ട - ആനയറ - ഒരുവാതിൽകോട്ട റോഡ് നവീകരണം, ശ്രീകാര്യം മേൽപ്പാലം നിർമ്മാണം, മണ്ണന്തല-പൗഡിക്കോണം മാതൃകാറോഡ്, സൊസൈറ്റി ജംഗ്ഷൻ - ശ്രീകാര്യം മാതൃകാറോഡ്, ആറ്റിപ്ര പാലം നിർമ്മാണം, തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനം എന്നിവയ്ക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | പേട്ട - ആനയറ - ഒരുവാതിൽക്കോട്ട - റോഡ് നവീകരണം തിരുവനന്തപുരം ജില്ലയിൽ കടകംപള്ളി വില്ലേജിൽ ഉൾപ്പെട്ട 1.6467 ഹെക്ടർ സ്ഥലം പേട്ട - ആനയറ - ഒരുവാതിൽക്കോട്ട - റോഡ് നവീകരണത്തിനായി ഏറ്റെടുക്കുന്നതിന് 2013 ലെ എൽ.എ.ആർ.ആർ ആക്ട് വകുപ്പ് 19(1) പ്രകാരമുള്ള പ്രഖ്യാപനം 18.06.2021-ലെ 1802 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ തഹസിൽദാർ (എൽ എ), പി.ഡബ്ല്യൂഡി (സതേൺ സർക്കിൾ) ന്റെ കാര്യാലയത്തിൽ സ്വീകരിച്ചു വരുന്നു. ശ്രീകാര്യം മേൽപ്പാലം തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ചെറുവയ്ക്കൽ, ഉള്ളൂർ, പാങ്ങപ്പാറ വില്ലേജുകളിൽ ഉൾപ്പെട്ട 1.3277 ഹെക്ടർ സ്ഥലം ശ്രീകാര്യം മേൽപ്പാലം നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിനായി 2013 ലെ എൽ.എ.ആർ.ആർ ആക്ട് വകുപ്പ് 19(1) പ്രകാരമുള്ള പ്രഖ്യാപനം 06.11.2020 ലെ 2665 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട വില നിർണ്ണയ റിപ്പോർട്ട് 21.01.2021-ലെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമ പ്രകാരം അംഗീകരിച്ച് DVS തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്റ്റേറ്റ് പോളിസി പ്രകാരം ഭൂവുടമകളുമായി DLFC മീറ്റിംഗ് കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മണ്ണന്തല - പൗഡിക്കോണം മാതൃക റോഡ് നിർമ്മാണം തിരുവനന്തപുരം ജില്ലയിൽ ഉള്ളൂർ, ഉളിയാഴ്ത്തുറ വില്ലേജുകളിൽ ഉൾപ്പെട്ട സ്ഥലം മണ്ണന്തല - പൗഡിക്കോണം റോഡ് വികസനത്തിനായി |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എസ്.ഐ.എ പഠനം നടത്തുന്നതിന് യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷൻ, സോഷ്യൽ സർവീസ് സെന്റർ, കോതമംഗലം -ത്തെ നിയമിച്ച് 4(1) വിജ്ഞാപനം 18.02.2021 -ലെ 816-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിദഗ്ധ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ആറ്റിപ്ര പാലം കണ്ടിജൻസി ചാർജ് നാളിതുവരെയും ലഭ്യമാകാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയാത്തതാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനം, സൊസൈറ്റി ജംഗ്ഷൻ- ശ്രീകാര്യം റോഡ് എന്നിവയ്ക്കായി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട റിക്വിസിഷൻ ലഭ്യമായിട്ടില്ല |
| (ബി) | വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കാമോ? | (ബി) | RFCTLARR Act പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല |

സെക്ഷൻ ഓഫീസർ